# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 162 09.06.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## ബ്ലേഡ് മാഫിയ അമർച്ചയുമായി ബന്ധപ്പെട്ട പോലീസ് റെയ്ഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.സദാശിവൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ബ്ലേഡ് മാഫിയയെ അമർച്ച ചെയ്യും എന്ന പ്രഖ്യാപനത്തോടെ സംസ്ഥാനത്ത് നടന്ന പോലീസ് റെയ്ഡിൽ എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി; ഇതിൽ എത്ര പേർ ഇപ്പോൾ പോലീസ് കസ്റ്റഡിയിലുണ്ട്; ജാമ്യത്തിലിറങ്ങിയവർ എത്ര; | (എ) ബ്ലേഡ് മാഫിയയെ അമർച്ച ചെയ്യും എന്ന പ്രഖ്യാപനത്തോടെ സംസ്ഥാനത്ത് നടന്ന പോലീസ് റെയ്ഡിൽ 07.06.2014 വരെ 774 പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി. ഇതിൽ 2 പേർ ഇപ്പോൾ പോലീസ് കസ്റ്റഡിയിലുണ്ട്. 564 പേർ ജാമ്യത്തിലിറങ്ങി. |
| (ബി) മാഫിയകളുമായി നിരന്തര ബന്ധം പുലർത്തിപ്പോന്നതായ എത്ര പോലീസുകാരെ സർവ്വീസിൽനിന്നും മാറ്റി നിർത്തിയിട്ടുണ്ട്; ബന്ധമുള്ളതായി ആക്ഷേപിക്കപ്പെട്ടവർ എത്ര; ഇത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച ഇന്റലിജൻസ് റിപ്പോർട്ടിനെ തുടർന്ന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (ബി) മാഫിയകളുമായി നിരന്തരബന്ധം പുലർത്തിപ്പോന്നതായ 3 പോലീസുകാരെ സർവ്വീസിൽ നിന്നും മാറ്റിനിർത്തിയിട്ടുണ്ട്. 8 പോലീസ് ഉദ്യോഗസ്ഥർക്ക് ബ്ലേഡ് മാഫിയ ബന്ധമുള്ളതായി ആക്ഷേപം ഉണ്ടായിട്ടുണ്ട്. പോലീസുദ്യോഗസ്ഥർക്കെതിരെയുള്ള രഹസ്യ സ്വഭാവമുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആരോപണവിധേയരായവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികളും ജില്ലയ്ക്ക് പുറത്ത് ക്രമസമാധാനപാലനവുമായി നേരിട്ട് ബന്ധമില്ലാത്ത തസ്തികകളിൽ മാറ്റി നിയമിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നടപടികളും സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. |

Malli

സെക്ഷൻ ഓഫീസർ